**പതിനാലാം കേരളനിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ :847**

**11.07.2016 ലെ മറുപടിയ്ക്ക്**

**സ്കൂളുകളിലെ സാദ്ധ്യായ ദിവസങ്ങൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി. എഫ്. തോമസ്<br>ഡോ. എൻ. ജയരാജ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) ഒരു അധ്യയന വർഷത്തിലെ ആകെ സാദ്ധ്യായ ദിവസങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്താമോ; | (എ) ഒരു അധ്യയന വർഷം 200 പ്രവൃർത്തി ദിവസങ്ങൾ അല്ലെങ്കിൽ 1000 സാദ്ധ്യായമണിക്കൂർ എന്ന് ക്രമപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ആകസ്മികമായി ഉണ്ടാകുന്ന അവധികൾ മൂലം സാദ്ധ്യായ ദിവസങ്ങളിൽ കുറവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) ഇപ്രകാരം നഷ്ടമാകുന്ന സാദ്ധ്യായ ദിവസങ്ങൾക്ക് പകരം എന്ത് സംവിധാനമാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) ആകസ്മികമായി ഉണ്ടാകുന്ന അവധികൾ മൂലം പ്രവൃത്തി ദിനങ്ങൾ നഷ്ടപ്പെടുന്നത് പരിഹരിക്കുന്നതിനായി ഓരോ സ്കൂളിലും സാദ്ധ്യായ മണിക്കൂർ രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ സാദ്ധ്യായ ദിവസങ്ങളുടെ കുറവ് വരുന്ന പക്ഷം അതിന് പ്രത്യേക മണിക്കൂറുകൾ കണ്ടെത്തി സ്കൂൾ തലത്തിൽ പരിഹരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരത്തിൽ സാദ്ധ്യായ ദിവസങ്ങൾ നഷ്ടമാകുന്നത് സർക്കാർ സ്കൂളുകളെ അനാകർഷകങ്ങളാക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | ഒരു അധ്യയന വർഷത്തിൽ പരമാവധി സാദ്ധ്യായ ദിവസങ്ങൾ ലഭ്യമാക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | ഒരു അധ്യയന വർഷത്തിൽ 200 സാദ്ധ്യായ ദിവസങ്ങൾ അല്ലെങ്കിൽ 1000 സാദ്ധ്യായ മണിക്കൂർ കുട്ടികൾക്ക് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ